10/2/23

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email: sic.ker@nic.in

ഹർജി നമ്പർ **AP.No. 2022(5)/20/SIC**

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 9530/SIC-G7/2020**

**സന്നിഹിത**
**ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**
**ഉത്തരവ് തീയതി -**

| | |
|---|---|
| **Shri. Sugunan. S,<br>Beenalayam,<br>Old PMK Complex,<br>Carcool Premises, Mundakkal West,<br>Kollam.** | **Appellant** |
| **The State Public Information Officer,<br>Electical Section, Cantonment,<br>KSEB, Kollam.**<br><br>**Appellate Authority & AE,<br>Electrical Sub Division, KSEB, Kollam.** | **Respondents** |

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 10.06.2020 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 29.06.2020 |
| ഒന്നാംഅപ്പീൽ | 10.07.2020 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 25.08.2020 |
| രണ്ടാംഅപ്പീൽ | 18.09.2020 |

1. അപ്പീൽ ഹർജിക്കാരൻ 10.06.2020 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയുടെ പകർപ്പ് വായിച്ച് മനസ്സിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ടിയാൻ 10.07.2020 തീയതി സമർപ്പിച്ച ഒന്നാം അപ്പീലും കമ്മീഷൻ മുമ്പാകെ ഹർജിക്കാരൻ നൽകിയ മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചു. അപ്പീൽ ഹർജിക്കാരൻ 5 ഇനങ്ങളിലായി ആവശ്യപ്പെട്ട വിവരങ്ങൾക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു.

2. ഒന്നാം എതിർകക്ഷിയുടെ മറുപടിയിൻമേൽ ആവശ്യപ്പെട്ട വിവരങ്ങളെല്ലാം നൽകിയിട്ടില്ലായെന്നും ഉപഭോഗത്തെ സംബന്ധിച്ച വിവരവും ലെഡ്ജർ സ്റ്റോക്കും ഫിസിക്കൽ സ്റ്റോക്കും തമ്മിലുള്ള വിശദാംശങ്ങൾ നൽകിയിട്ടില്ലായെന്നും വിവരം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ടാണ് ഒന്നാം അപ്പീൽ സമർപ്പിച്ചിട്ടുളളത്.

3. ഓരോ ഇലക്ട്രിക്കൽ സാമഗ്രികളുടെയും പ്രതിമാസ ഉപഭോഗം സംബന്ധിച്ചുളള വിവരങ്ങളുടെ പകർപ്പുകൾ 500 ഓളം പേജുകൾ വരുന്നുണ്ടെന്നും നിലവിൽ കമ്പ്യൂട്ടറിലാണ് സൂക്ഷിക്കുന്നതെന്നും പേജുകളുടെ പകർപ്പ് ഒന്നിന് 2/- രൂപ നിരക്കിൽ ഫീസ് ഒടുക്കി വിവരം കൈപ്പറ്റാമെന്നും അല്ലെങ്കിൽ പരിശോധിച്ച് ബോദ്ധ്യപ്പെടാവുന്നതാണെന്നും ആദ്യത്തെ ഒരു മണിക്കൂർ സൗജന്യമായി പരിശോധിക്കാവുന്നതും പിന്നീടുളള ഓരൊ മണിക്കറിനോ അതിന്റെ ഭാഗത്തിനൊ 5/- രൂപ നിരക്കിൽ ഫീസ് അടയ്ക്കണമെന്നും ഡെലഡ്ജർ സ്റ്റോക്കും ഫിസിക്കൽ സ്റ്റോക്കും ഒന്നു തന്നെയാണെന്നും അറിയിച്ചു കൊണ്ട് എസ്.പി.ഐ.ഒ ഒരു മറുപടി നൽകിയിട്ടുളളതായി കാണുന്നു.

4. വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം നൽകുന്ന അപേക്ഷയ്ക്ക് 7(1) പ്രകാരം 30 ദിവസത്തിനുളളിൽ നൽകുന്ന മറുപടിയിൽ മാത്രമേ ഫീസ് ഒടുക്കുവാൻ നിർദ്ദേശം നൽകുവാൻ പാടുളളു എന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നത്. അതുമാത്രമല്ല അപേക്ഷകൻ രേഖകൾ പരിശോധിക്കുവാൻ അവസരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടാൽ മാത്രമേ വിവരാവകാശ നിയമം വകുപ്പ് 7(9) പ്രകാരം നടപടി വിവരം അറിയിക്കേണ്ടതുളളു. അത്തരത്തിൽ വിലയിരുത്തുമ്പോൾ ഈ രണ്ട് നടപടിയും നിയമാനുസൃതമല്ല എന്ന് കമ്മീഷൻ നിരീക്ഷിച്ചു. ഒന്നാം അപ്പീൽ അധികാരിയുടെ നിർദ്ദേശത്തെ തുടർന്ന് മാത്രമാണ് ഓരോ ഇലക്ട്രിക്കൽ സാമഗ്രികളുടെയും യൂട്ടിലിറ്റി സംബന്ധിച്ച് മാസപ്രതിയുളള ഉപഭോഗം സംബന്ധിച്ച് വിവരങ്ങൾ 08.09.2020 തീയതിയിൽ നൽകിയിട്ടുളളത്. ആയതിലും ഫിസിക്കൽ സ്റ്റോക്കും ലെഡ്ജർ സ്റ്റോക്കും തമ്മിലുളള വിശദീകരണം നൽകുവാനും അറിയിച്ചിരുന്നു.

5. ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ നൽകിയ മൊഴിയിലും ലെഡ്ജർ സ്റ്റോക്കും ഫിസിക്കൽ സ്റ്റോക്കും തമ്മിലുളള വിശദീകരണമാണ് ആവശ്യപ്പെട്ടത് എന്നാൽ ഇത് രണ്ടും ഒന്നു തന്നെയാണെന്നാണ് ഒന്നാം എതിർകക്ഷി കമ്മീഷനെ ബോധിപ്പിച്ചത്.

6. ഒന്നാം അപ്പീൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുളള വിവരവും ഹർജിക്കാരൻ ലഭിച്ചിട്ടില്ല എന്ന് കമ്മീഷൻ വിലയിരുത്തുന്നു. മേൽ സാഹചര്യത്തിൽ 25.08.2020 തീയതിയിലെ ഒന്നാം അപ്പീൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഒന്നാം അപ്പീൽ അധികാരി നിയമാനുസൃതം നൽകാൻ പറഞ്ഞ വിവരങ്ങൾ സൗജന്യമായി നൽകാനും ലെഡ്ജർ സ്റ്റോക്കും ഫിസിക്കൽ സ്റ്റോക്കും സംബന്ധിച്ച ഒരു വിശദീകരണം കൂടി ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനുളളിൽ ഹർജിക്കാരന് നൽകാൻ എസ്.പിഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു.

7. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ കുറെക്കൂടി ജാഗ്രതയോടെ കൈകാര്യം ചെയ്യേണ്ടതാണെന്ന് എസ്.പി.ഐ.ഒയെ ഓർമ്മപ്പെടുത്തി കൊണ്ട് ഈ അപ്പീൽ ഹർജി തിർപ്പാക്കി **ഇന്നേ ദിവസം 2022 ഡിസംബർ മാസം 30 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd

കമ്മീഷൻ സെക്രട്ടറി